സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി – 01–04–2013 ന് ശേഷം പാർട്ട്ടൈം തസ്തികയിൽ നിന്നും ഫുൾടൈം തസ്തികയിലേക്ക് നിയമിക്കപ്പെട്ട ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-1(iv)** നന്തൻകോട് **09/06/2023**

---

**പരാമർശം ഃ– 1) 05–02–2018 ലെ ROC 145/13/Est-1 നമ്പർ ഉത്തരവ്.**
**2) സ.ഉ(പി) നം. 178/2018/ധന തീയതി 16–11–2018.**

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാരാണ്മ ജീവനക്കാർ, പാർട്ട്ടൈം ജീവനക്കാർ എന്നീ വിഭാഗങ്ങൾ ഒഴികെ 01–04–2013 മുതൽ സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം –1).

സംസ്ഥാന സർക്കാരിനു കീഴിൽ 01–04–2013 ന് മുമ്പ് പാർട്ട്ടൈം തസ്തികയിൽ നിയമനം ലഭിച്ച് സേവനത്തിൽ തുടർന്ന് വരവെ 01–04–2013 ന് ശേഷം ഫുൾടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ/ബൈ പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (പരാമർശം –2).

ടി വിഷയം ബോർഡ് പരിശോധിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 01–04–2013 ന് മുമ്പ് പാർട്ട്ടൈം തസ്തികയിൽ നിയമനം ലഭിച്ച് തുടർന്ന് ഫുൾടൈം തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

**SK**